# സി.എം .എസ് എച്ച് .എസ് മേച്ചാൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## 2025-26

# സ്കൂൾ വിവരങ്ങൾ

1. റവന്യൂ ജില്ല : കോട്ടയം

2. സ്കൂൾ കോഡ് :31072

3. UDISE Code: 32101200901

4. സ്കൂളിന്റെ പേര് :സി.എം .എസ് എച്ച് .എസ് മേച്ചാൽ

5. മേൽവിലാസം :മേച്ചാൽ P.O. മേച്ചാൽ,കോട്ടയം

6. പിൻകോഡ് :686586

7. ഫോൺ നമ്പർ :9526677407

8. ഇ-മെയിൽ ആഡ്രസ് :cmshsmechal@gmail.com

9. ഗ്രാമ പഞ്ചായത്ത് :മൂന്നിലവ്

10. വിദ്യാഭ്യാസ ജില്ല :പാലാ

11. സബ്ജില്ല :രാമപുരം

12. ക്ലാസുകൾ :8 മുതൽ 10 വരെ

13. മാനേജ്മെന്റ് :എയ്ഡഡ്

14. പഠനമാധ്യമം : മലയാളം

# ആമുഖം

കോട്ടയം ജില്ലയുടെ കിഴക്ക് വടക്ക് ഇടുക്കിയോട് ചേർന്ന് മഞ്ഞിന്റെയും മലനിരകളുടെയും ഇടയിലായി സി.എം .എസ് എച്ച് .എസ് മേച്ചാൽ സ്ഥിതി ചെയുന്നു. SSLC പരീക്ഷയിൽ വർഷങ്ങളായി ഉന്നത വിജയം നേടുന്നു.

ഗുണമേന്മയുള്ള വിദ്യാഭാസം കുട്ടികളുടെ അവകാശമാണ് എന്ന വസ്തുത പ്രവർത്തികമാക്കികൊണ്ട് അക്കാദമികരംഗത്തും,കലാരംഗത്തും,കായികരംഗത്തും ഒരുപോലെ മികവ് വർധിപ്പിക്കാൻ സ്കൂളിന് കഴിയുന്നു.കുട്ടികളുടെ പഠനത്തെ ബാധിക്കുന്ന വിവിധങ്ങളായ പ്രശ്നങ്ങളിൽ ഫലപ്രദമായ കൗൺസിലിംഗ് നൽകി പഠനത്തിന് സാഹചര്യമൊരുക്കുന്നു.

അക്കാദമിക രംഗത്തെ മികവ് കാരണം ചിട്ടയായ പ്ലാനിങ്ങും അതിനനുസരിച്ചുള്ള പ്രവർത്തനങ്ങളുമാണ് ഓരോ പ്രവർത്തനവും കൃത്യമായി വിലയിരുത്തുകയും പോരായ്മകൾ ഉണ്ടെങ്കിൽ അപ്പപ്പോൾ പരിഹരിക്കുകയും ചെയ്യുന്നു.പൊതുവിദ്യാലയ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി അക്കദമിക്കാരംഗത്തെ മുന്നേറ്റത്തിന് ആവശ്യമായ ബൗദ്ധികസാഹചര്യങ്ങൾ ഒരുക്കുന്നതിന് പി.ടി.യെ.യുടെ ഇടപെടലും പൂർവ്വ വിദ്യാർഥികൾ,ജില്ലാപഞ്ചായത് തുടങ്ങിയവരുടെ പൂർണമായ സഹകരണം ഉറപ്പുവരുത്താൻ കഴിയുന്ന ഓരോ പ്രവർത്തനവും നടപ്പിലാക്കി കുട്ടികൾക്ക് ആവശ്യമായതെന്തോ അത് നൽകാനും നാളെയുടെ വാഗ്ദാനങ്ങളായി അവരെ മാറ്റാനും നമുക്ക് സാധിക്കുമെന്ന് പ്രതിഷിക്കട്ടെ .

# സി.എം .എസ് എച്ച് .എസ് മേച്ചാൽ – ചരിത്രം

ഗതാഗത സൗകര്യം തീരെ ഇല്ലാതിരുന്ന കാലത്ത്  ഈരാറ്റുപേട്ട - തൊടുപുഴ റൂട്ടിൽ കാഞ്ഞിരംകവലയിൽ ഇറങ്ങി പ്രകൃതിരമണീയമായ ഇലവീഴാപൂഞ്ചിറ, ഇല്ലിക്കക്കല്ല്, തേയിലപ്പാറ തുടങ്ങിയ പ്രദേശങ്ങളുടെ ദൂരക്കാഴ്ച കണ്ടു 9 കിലോമീറ്ററോളം കാൽനടയായാണ് അധ്യാപകർ സ്കൂളിൽ എത്തിച്ചേർന്നിരുന്നത്. എന്നാൽ ഇന്ന് ഇവിടെ വൈദ്യുതി, ടെലിഫോൺ തുടങ്ങിയ സൗകര്യങ്ങൾ എല്ലാമുണ്ട്.സ്കൂളിന്റെ ആരംഭകാലത്ത് 8 ൽ മാത്രം 50 ഓളം കുട്ടികൾ ഉണ്ടായിരുന്നു. ആരംഭഘട്ടത്തിൽ സ്കൂൾ ഇക്കണോമിക് ആയിരുന്നു. എന്നാൽ ക്രമേണ കുട്ടികൾ മറ്റു സ്ഥലങ്ങളിൽ പഠിക്കാൻ പോവുകയും സ്കൂളിലെ വിദ്യാർത്ഥികളുടെ എണ്ണത്തിൽ കുറവ് വരികയും സ്കൂൾ അൺ ഇക്കണോമിക് ആവുകയും ചെയ്തു.

# സി.എം .എസ് എച്ച് .എസ് മേച്ചാൽ - ഇന്ന്

6 ഹൈസ്കൂൾ അധ്യാപകരും 4 അനധ്യാപകരും അടങ്ങുന്ന സ്റ്റാഫ്.13 വിദ്യാർഥിക്കാളും സ്കൂൾ പറമ്പ് മൊത്തമായി ജൈവവൈവിധ്യ പുതുമയാർന്ന പ്രവർത്തനങ്ങളിലൂടെ അക്കാദമിക ലക്ഷ്യങ്ങൾ പ്രവർത്തിക്കമൊക്കൻ ഉള്ള ശ്രമത്തിന്റെ ഭാഗമായാണ് ഈ അക്കാദമിക മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നത്

# അക്കാദമികം

## നേട്ടങ്ങൾ

തുടർച്ചയായി SSLC പരീക്ഷയിൽ മികച്ച വിജയം നേടുന്ന വിദ്യാലയമായി മാറാൻ കഴിഞ്ഞു.

കുട്ടികളുടെ നിലവാരത്തിനനുസരിച് ആവശ്യമായ പ്രിത്യേക പരിശീലനം നൽകി കുട്ടികളിൽ ആത്മവിശ്വാസം വർധിപ്പിക്കുനത് വിജയത്തിളക്കത്തിലേക്ക് നയിക്കുന്നു. ഓരോ വിദ്യാർത്ഥിക്കും ആവശ്യനുസരണം ശാരീരികവും മാനസികവും ഭൗതികവുമായ വളർച്ചക്ക് ആവശ്യമായ പഠനരീതി ആസൂത്രണം ചെയ്യപ്പെടുന്നു

## പരിമിതികൾ

എല്ലാ ക്ലാസ്മുറികളും ഹൈടെക്
നിലവാരത്തിലേക്കുയർന്നില്ല.ഗണിത ലാബ്,സാമൂഹ്യശാസ്ത്ര
ലാബ്,ഐടി ലാബ്,ശാസ്ത്ര ലാബ്,എന്നിവ സ്കൂളിന്ന്
പ്രത്യേകമായില്ല.പഠന
പ്രവർത്തനങ്ങളിലൂടെയും,പരീക്ഷണങ്ങളിലൂടെയും,അന്വേഷണാ
ത്മകമായും രീതികളിലൂടെയും നിരീക്ഷിച്ചും പൂർണമായ
അർഥത്തിൽ സാർത്ഥമാകാൻ പ്രത്യേകം പ്രത്യേകം ലാബ്
സൗകര്യങ്ങൾ വിപുലപ്പെടുത്തേണ്ടതുണ്ട്.

### ഭൗതികം

### നേട്ടങ്ങൾ

നിലവിൽ 3 ക്ലാസ്സ്മുറികളും,കുട്ടികളുടെ,മാനസികവും,ശാരീരികവും, ആത്മമികവുമായിട്ടുള്ള രീതിയിലാണ് ക്രമീകരിച്ചിരിക്കുന്നത്

കുട്ടികളുടെ വായനയ്ക്കായി ലൈബ്രറി പ്രേത്യേകമായി സജ്ജികരിച്ചിട്ടുണ്ട്.പെൺകുട്ടികൾക്ക് ശാരീരികമായി ഉണ്ടാക്കുന്ന അവശതകൾക്കും മറ്റും വിശ്രമിക്കുന്നതിനാവശ്യമായ ഷീ ടോയ്‌ലറ്റ് പി.ടി.എ.ഫണ്ട് ഉപയോഗിച് ഒരുക്കിയത് ഏറെ ഗുണം ചെയ്യുന്നു.നൂറ് പേർക്ക് ഇരിക്കാവുന്ന ഓഡിറ്റോറിയം സജ്ജികരിക്കാൻ കഴിഞ്ഞതും വലിയ മികവാണ്

## പരിമിതികൾ

ലൈബ്രറിയിൽ പതിനായിരത്തോളം പുസ്തകങ്ങൾ ഉണ്ടെങ്കിലും അവ വേണ്ടവിധത്തിൽ ഡിസ്‌പ്ലേ ചെയ്യാനുള്ള സൗകര്യം ഇല്ല നിലവിൽ ലൈബ്രറിയിൽ തന്നെയുള്ള റീഡിങ് റൂം സൗകര്യം മറ്റൊരു വിശാലമായ റൂമിലേക്ക് മാറ്റേണ്ടതുണ്ട്.

കുട്ടികൾക്ക് ഉച്ചഭക്ഷണം കഴിക്കാനുള്ള ഭോജനശാല നിലവിൽ സ്കൂളിൽ ഇല്ല.കുട്ടികൾക്ക് പ്രാഥമികാവശ്യങ്ങൾ നിർവഹിക്കുന്നതിന് നിലവിലുള്ളവ മെച്ചപ്പെടുത്തേണ്ടതുമുണ്ട്.ആകർഷകമായ വിധത്തിൽ പൂത്തോട്ടം,ജൈവവൈവിധ്യ പാർക്ക് എന്നിവ ഒരുക്കേണ്ടതുണ്ട്.വിശാലമായ ഒരു കളിസ്ഥലം ഇന്നും ഒരു സ്വപ്നമായി നിലനിൽക്കുന്നു

## സാമൂഹികം

## നേട്ടങ്ങൾ

സ്കൂളിലെ വിവിധ ക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ സാമൂഹികമായി സ്കൂളിനെ ബന്ധിപ്പിക്കുന്നു.സാമൂഹ്യ,ശുചിത്വം,ചെടിതൈകൾ തുടങ്ങി പ്രവർത്തനങ്ങൾ വിജയകരമായ വരുന്നു

## പരിമിതികൾ

പ്രവർത്തനങ്ങളുടെ ബാഹുല്യം കൊണ്ടു പഠനസമയം കൂടുതൽ നഷ്ടപെടുന്നതിനാലും പഠനസമയത്തിലുള്ള ചില പ്രവർത്തനങ്ങളെങ്കിലും ഏറ്റെടുക്കാനുള്ള പരിമിതി ഉണ്ട്.

**അക്കാദമിക മികവിനായി ഏറ്റെടുക്കേ പ്രവർത്തനങ്ങൾ**

വികസന ലക്ഷ്യങ്ങൾ

1 ഭാഷാശേഷി വികസനം

2. ഗണിത ശേഷി വികസനം

3. ഇംഗ്ലീഷ് പഠനം - അനായാസകരമാക്കൽ

4. വായനാ ശേഷി വർദ്ധിപ്പിക്കൽ

5. ശാസ്ത്രതപോഷണ പരിപാടി

6. ലാബോറട്ടറി നവീകരണം - ശാസ്ത്രം, ഗണിതം & ss

7, പ്രതിഭാപോഷണ പരിപാടി

8. ലൈബ്രറി ശാക്തീകരണം

8. ജൈവ വൈവിധ്യപാർക്ക് - ഒരുക്കൽ

10. സ്കോളർഷിപ്പ് പരീക്ഷാ പരിശീലനം

11. പഠനയാത്രകൾ

12. സ്കൂൾ പ്രതം, മാസിക

13. അധ്യാപക ശാക്തീകരണം - സ്കൂൾ 586 തലം

14 പ്രവൃത്തി പരിചയ പരിശിലനം

15. കലാപരിപോഷണം

16. പച്ചക്കറിത്തോട്ടം

17. സാഹിത്യ ശില്പശാലകൾ

18. മെഡിക്കൽ ക്യാമ്പുകൾ

19. രക്ത്ശഗ്്രുപ്പ നിർണയം

20. ലഘുഭക്ഷണം കാര്യക്ഷമമാക്കി പഠനത്തിന് സജ്ജമാക്കൽ

21. സ്കൂൾ ബ്ലോഗ് കാര്യക്ഷമമാക്കൽ

22. ഭാഷാ ലാബ്

23. ദിനാചരണങ്ങൾ - ശക്തിപ്പെടുത്തൽ

24. ഗവേഷണാത്മക പഠനം

25. കായികശേഷി വികസനം

26. വിലയിരുത്തൽ കാര്യക്ഷമമാക്കൽ

27. ചോദ്യപേപ്പർ ശില്പശാല

28. ഐ.ടി.പഠനം - കാര്യക്ഷമമാക്കൽ

29. ജന്മദിന പുസ്തകം

30. ചിത്രരചനാ ക്യാമ

32. ക്ലാസ് പി.ടി.എ. കാര്യക്ഷമമാക്കൽ

## പ്രവർത്തനം - വിശദാംശങ്ങൾ

| ഉപമേഖല - ഇംഗ്ലീഷ് ഭാഷാ പഠനം<br>പവർത്തനം - ഭാഷാശേഷി വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | | ചുമതല | |
| എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് നന്നായി വായിക്കാനും എഴുതാനും സംസാരിക്കാനും ഉള്ള ശേഷി വികസനം. | 1).ഇംഗ്ലീഷിൽ തന്നെ ഇംഗ്ലീഷ് ക്ലാസ് കൈകാര്യം ചെയ്യൽ.<br><br>2). ഇംഗ്ലീഷ് ക്ലബ്ബിന്റെ ര്രവർത്തനം കാര്യക്ഷമമാക്കൽ<br>- ഇംഗ്ലീഷിൽ ഡിബേറ്റ്, സെമിനാർ, പ്രസംഗം തുടങ്ങിയവ | എല്ലാ ക്ലാസ്സും ആഴ്ചയിൽ ഒരു ദിവസം ഒരു വർഷത്തേക്ക്<br><br>ആഴ്ചയിൽ ഒരു ദിവസം | ബന്ധപ്പെട്ട ടീച്ചർ<br><br>ഇംഗ്ലീഷ് ക്ലബ്ബ് സെക്രട്ടറി | |

| | | | | |
|---|---|---|---|---|
| | സംഘ<br>ടിപ്പിക്കൽ<br><br>3). ആഴ്ചയിൽ<br>ഒരു<br>ദിവസം<br>ഇംഗ്ലീഷ്<br>അസംബ്ലി.<br>മാറി<br>മാറി ഓരോ<br>ക്ലാസിനും<br>ചുമതല<br><br>4). ഇംഗ്ലീഷ് ദിനം | എല്ലാ ദിവ<br>സവും -<br>തുടർച്ച<br>യായി<br><br>ചൊവ്വാഴ്ച്ച | ക്ലാസ്<br>ടീച്ചർ<br>ഇൻചാർജ്<br><br>ക്ലാസ്<br>ടീച്ചർ<br><br>ക്ലാസ് ടീച്ചർ | |

| ഉപമേഖല – മലയാളം<br>പ്രവർത്തനം - ഭാഷാശേഷി വികസനം | | | | |
| --- | --- | --- | --- | --- |
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1. എല്ലാ കുട്ടികൾക്കും മലയാളം അനായാസമായി എഴുതാനും വായിക്കാനുമുള്ള ശേഷിവികസനം(ശ്രദ്ധ,നവപ്രഭ)ഭാഷാപരമായ പിന്നോക്കാവസ്ഥ പരിഗണിക്കൽ.<br>2.എല്ലാ കുട്ടികളെയും സ്വതന്ത്രവായനക്കാരാക്കുക<br>ഉപമേഖല<br>1.പത്രവായന പരിപോഷിപ്പിക്കുക,സർഗ്ഗ ശേഷി വികസനം | 2.അക്ഷരം ഉറപ്പിക്കൽ,ചിഹ്നം ഉറപ്പിക്കൽ,പദനിർമ്മാണം,വാക്യനിർമ്മാണം<br>പിന്നോക്കം<br>1.അക്ഷരം ഉറപ്പിക്കൽ,ചിഹ്നം ഉറപ്പിക്കൽ,പദനിർമ്മാണം,വാക്യനിർമ്മാണം പിന്നോക്കം നിൽക്കുന്ന കുട്ടികൾക്ക് പ്രേത്യേക ക്ലാസ്<br>2.ക്ലാസ് വായന കൂട്ടം രുപീകരിക്കൽ<br>ക്ലാസ് ലൈബ്രറി നവീകരിക്കൽ<br>സ്കൂൾ ലൈബ്രറി നവീകരിക്കൽ<br>പത്ര വായനാ | .<br>2 മാസം<br>1 വർഷക്കാലം<br>6 മാസം 1 വർഷം<br>ആവശ്യമനുസരിച്ച് | മലയാളം ടീച്ചർ<br>SRG<br>വിദ്യാരംഗം ചാർജ്<br>മലയാളം ടീച്ച | |

| | | | | |
|---|---|---|---|---|
| | നിൽക്കുന്ന കുട്ടികൾക്ക് പ്രേത്യേക ക്ലാസ്<br>2.ക്ലാസ് വായന കൂട്ടം രുപീകരിക്കൽ<br>ക്ലാസ് ലൈബ്രററി നവീകരിക്കൽ<br>സ്കൂൾ ലൈബ്രററി നവീകരിക്കൽ<br>പത്ര വായനാ | | | |

| ഉപമേഖല ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.കുട്ടികളിൽ ശാസ്ത്രാഭിരുച ി വളർത്തൽ<br>2.ശാസ്ത്രമേള കളിൽ പൂർണ പങ്കാളിത്തം ഉറപ്പുവരുത്ത ൽ | 1.ശാസ്ത്ര തത്വങ്ങൾ ലളിതമായ പരീക്ഷണങ്ങളി ലൂടെയുള്ള കുട്ടികളുടെ അവതരണം പരീക്ഷണക്കള രി<br>2.സ്കൂൾ തല സയൻസ് എക്സിബിഷൻ | വർഷത്തിൽ 1 തവണ<br>വർഷത്തിൽ 1 തവണ | സയൻസ് ക്ലബ്<br>സയൻസ് ക്ലബ് | |

| ഉപമേഖല ഗണിതം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.ഗണിതപഠന പ്രവർത്തനങ്ങൾ ലളിതമാക്കൽ | 1.ഗണിത ലാബ് പ്രത്യേകമായി സജ്ജീകരിക്കുക്കയും കുട്ടികൾക്ക് ഗണിതാശയങ്ങൾ ലളിതമായി അവതരിപ്പിക്കുകയും ചെയ്യുക<br>2.ജ്യാമ്യതീയ രൂപങ്ങൾക്ക് പ്രാധാന്യം നൽകി വിദ്യാലയമുറ്റത്ത് ഗണിതപാർക്ക് സജ്ജീകരിക്കൽ | ലാബ് സജ്ജീകരണം-അവധികാലം<br>ജൂൺ-ജൂലായ് | പി.ടി.എ ഗണിത ടീച്ചർ<br>പി.ടി.എ ഗണിത ടീച്ചർ | |
| 2.ഗണിതത്തിലെ അടിസ്ഥാന ആശയങ്ങൾ ഉറപ്പിക്കൽ ഗണിത ക്ലിനിക് | 1.വർക്ക് ഷീറ്റുകൾ ഉപയോഗിച്ച് കുട്ടികളിൽ അടിസ്ഥാന ആശയങ്ങൾ | ജൂൺ -1 മാസം | ഗണിത ടീച്ചർ | |

| | | | | |
|---|---|---|---|---|
| ഗണിത ക്ലിനിക് | ഉറപ്പിക്കുന്നു<br>2.ക്ലാസ്സിലെ<br>കണക്കിൽ<br>മിടുക്കരായ<br>കുട്ടികളെ<br>ഉപയോഗപ്പെടു<br>ത്തി<br>അടിസ്ഥാന<br>ഗണിതാശയ<br>ങ്ങൾ<br>ഉറപ്പിക്കൽ<br>ഏറ്റവും മികച്ച<br>വിദ്യാർത്ഥിക<br>ളെയും<br>അധ്യാപകരെയ<br>ും<br>ഉപയോഗപ്പെടു<br>ത്തി<br>ഗണിതക്ലിനിക്ക്<br>. | ജൂൺ -1 മാസം<br>1 വർഷം | ഗണിത ടീച്ചർ<br>പി.ടി.എ ഗണിത ടീച്ചർ | |

| ഹിന്ദി | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| 1.എല്ലാ കുട്ടികളും മാതൃഭാഷ കൈകാര്യം ചെയ്യുന്നതുപോലെ ഹിന്ദിയിൽ എഴുതാനും വായിക്കാനമു | 1. ഹിന്ദി ന്യൂസ്<br>പേപ്പർ<br>വായിക്കാനുള്ള<br>സൗകര്യം | | ഹിന്ദി ടീച്ചർ | |

| | | | | |
|---|---|---|---|---|
| ള്ള കഴിവ് വളർത്തുക | ഒരുക്കുക<br>2.ലൈബ്രറിയിൽ ഹിന്ദിയിലുള്ള ചെറുപുസ്തകം എത്തിച്ച് വായന പ്രോത്സാഹിപ്പിക്കുക.<br>3.ഹിന്ദി ക്ലബ്ബിനെ ഉർജ്ജസ്വലമാക്കി കൂടുതൽ ശക്തിപ്പെടുത്തുകയും ആകർഷകമാക്കുകയും ചെയ്യുക.<br>4.ആഴ്ചയിൽ ഒരു തവണയെങ്കിലും ഹിന്ദി ഭാഷയിൽ അസംബ്ലി നടത്തുക<br>5.ഹിന്ദി നാടകം നടത്തുക | 2 മാസം<br>ആവശ്യമനുസരിച്ച് | ഹിന്ദി ടീച്ചർ<br>ഹിന്ദി ടീച്ചർ<br>ഹിന്ദി ടീച്ചർ | |

| ഉപമേഖല സാമൂഹ്യ ശാസ്ത്രം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| ജനാധ്യപത്യമൂല്യങ്ങൾ വളർത്തിയെടുക്കൽ | പ്രേകടനപത്രിക,മീറ്റ് ദ ക്യാൻഡിഡേറ്റ്, ബാലറ്റ് പേപ്പർ ഉപയോഗിച്ചിട്ടുള്ള വോട്ടെടുപ്പ് എന്നിവയിലൂടെ സ്കൂൾ പാർലമെന്റ് രുപീകരണം തുടർന്ന് മോക്ക് പാർലമെന്റ് സംഘടിപ്പിക്കൽ | വർഷത്തിൽ നാല് തവണ | സാമൂഹ്യ ശാസ്ത്രം അദ്ധ്യാപിക,സ്കൂൾ പാർലമെന്റ് ഭാരവാഹികൾ | |

| ഉപമേഖല - സാമൂഹ്യശാസ്ത്രം ലൈബ്രറി കോർണർ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | സാമ്പത്തികം |
| സാമൂഹ്യശാസ്ത്ര പഠനം കാര്യക്ഷമമാക്കൽ | അധികവായനക്ക് ഉപകരിക്കുന്ന പുസ്തകങ്ങൾ അറ്റ്ലസുകൾ | വർഷത്തിൽ 1 തവണ | സാമൂഹ്യശാസ്ത്രം അദ്ധ്യാപിക | |

| | | | | |
|---|---|---|---|---|
| | തുടങ്ങിയവ ക്ലാസ് ലൈബ്രറി,സ്കൂൾ ലൈബ്രറി എന്നിവയിൽ പ്രദർശിപ്പിക്കൽ തുടർന്ന് ക്ലാസ് ലൈബ്രറിയിൽ വിതരണം | ആഴ്ചയിൽ 1 തവണ | | |

| ഉപമേഖല - പഠനയാത്ര | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
| പഠനയാത്രകളിലൂടെ ചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ,ക്ഷേത്രകലകൾ,കോട്ടകൾ, തുടങ്ങിയവയെ കുറിച്ച് കൂടുതൽ മനസ്സിലാക്കൽ | പഠനയാത്രകളിലൂടെ ചരിത്രസ്മാരകങ്ങൾ, മ്യൂസിയങ്ങൾ, ചുമർചിത്രങ്ങൾ,ക്ഷേത്രകലകൾ,കോട്ടകൾ, തുടങ്ങിയവയെ കുറിച്ച് കൂടുതൽ മനസ്സിലാക്കൽ സാമൂഹ്യപ്രാധാന്യമുള്ള സ്ഥലങ്ങൾ,ചരിത്രസ്മാരകങ്ങൾ തുടങ്ങിയ ഇടങ്ങളിലേക്ക് നടത്തുന്ന പഠനയാത്രകൾ | വർഷത്തിൽ 1 തവണ | സാമൂഹ്യശാസ്ത്ര അദ്ധ്യാപിക | |

| ഉപമേഖല - സംവാദം ,സെമിനാർ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
| അനുകാലിക വിഷയങ്ങളെ കുറിച്ച് സംവാദം.പ്രേത്യേക വിഷയങ്ങളിൽ സെമിനാർ തുടങ്ങിയവ | സമകാലിക പ്രസക്തിയുള്ള വിഷയങ്ങളിൽ സംവാദം,സെമിനാർ പാനൽ ചർച്ച തുടങ്ങിയവ സംഘടിപ്പിക്കൽ | മാസത്തിൽ ഒന്ന് വീതം | SRG,സാമൂഹ്യ ശാസ്ത്ര ക്ലബ് | |

| ഉപമേഖല - ആരോഗ്യമുള്ള ശരീരം ,മനസ്സ് രൂപപ്പെടുത്തൽ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
| ആരോഗ്യമുള്ള ശരീരം ആരോഗ്യമുള്ള മനസ്സ് രുപപെടുത്തി വിദ്യാഭ്യാസം ഫലപ്രദമാക്കൽ | യോഗ,സൂംബ തുടങ്ങിയവയിൽ പരിശീലനം | ആഴ്ചയിൽ 3 ദിവസം വൈകുന്നേരം | ബന്ധപ്പെട്ട അദ്ധ്യാപിക | |

| ഉപമേഖല - പരിസ്ഥിതി സംരക്ഷണം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
| സ്കൂൾ മുറ്റത്തെ ഔഷധത്തോട്ടം നിർമാണം | ഔഷധസസ്യങ്ങളെയും ഔഷധസസ്യങ്ങളുടെ പ്രാധാന്യവും തിരിച്ചറിയുന്നതിന് | 3 മാസം | ഇക്കോ ക്ലബ് | |

| | | | | |
|---|---|---|---|---|
| 2) നാട്ടുമാവ് സംരക്ഷണം | സ്കൂൾ മുറ്റത്തെ നാട്ടുമാവുകൾക്ക് പൂർണസംരക്ഷണം ഒരുക്കൽ | എല്ലാ ദിവസം | ഇക്കോ ക്ലബ് | |

| ഉപമേഖല : പ്രവൃത്തിപരിജയം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
| പ്രവർത്തി പരിചയ പരിശീലനം | തല്പരരായ കുട്ടികൾക്ക് പ്രവൃത്തി പരിചയത്തിൽ പരിശീലനം നൽകി മികച്ച ഉൽപ്പന്നങ്ങൾ ഉണ്ടാക്കൽ ഇതിനായി പ്രവൃത്തി പരിചയ അധ്യാപികയുടെ സേവനം ഉപയോഗപ്പെടുത്താൽ | 1 വർഷത്തിൽ 1 മാസം | SRG | |

| ഉപമേഖല - കലാരംഗം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
| കലാമികവുള്ളവർക്ക് പരിശീലനം | കലാവാസനയിൽ താല്പര്യമുള്ള കുട്ടികൾക്ക് അധ്യാപകർ പരിശീലനം നൽകുന്നു | ആഴ്ചയിൽ 2 ദിവസം 1 വർഷം | SRG | |

| ഉപമേഖല - സ്വയം തൊഴിൽ നൈപുണ്യ വികസനം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
| പെൺകുട്ടികൾക്ക് സ്വയം തൊഴിൽ പരിശീലനം | പെൺകുട്ടികൾക്ക് സ്വയം തൊഴിൽ നൈപുണ്യ വികസനത്തിന്റെ ഭാഗമായി സൗജന്യ തുന്നൽ പരിശീലനം | ആഴ്ചയിൽ 3 ദിവസം | അധ്യാപകർ | |

| ഉപമേഖല - കായിക വിദ്യാഭ്യസം | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
| കുട്ടികളുടെ കായികശേഷി വർധിപ്പിച്ച് മികവിലെത്തിക്കൽ | കുട്ടികളുടെ കഴിവുകൾ പരിഗണിച്ച് താല്പര്യമുള്ള മേഖലകളിൽ പരിശീലനം നൽകി കൂടുതൽ മികവിലെക്കെത്തിക്കൽ | 1 വർഷം | അധ്യാപകർ | |

| മേഖല - അക്കാദമികം - സാമൂഹികം<br>ഉപമേഖല :CPTA ശക്തിപ്പെടുത്തൽ | | | | |
|---|---|---|---|---|
| ലക്ഷ്യം | പ്രവർത്തനം | കാലം | ചുമതല | |
| CPTA ശക്തിപ്പെടുത്തി മുഴുവൻ രക്ഷിതാക്കൾക്കും കുട്ടികളുടെ മികവ്,പോരായ്മകൾ എന്നിവ | CPTA യോഗം കാര്യക്ഷമമായി നടത്തൽ,കുട്ടികളുടെ പഠന നേട്ടങ്ങൾ,പഠന തെളിവുകൾ, എത്താതെ പോയ | 1 വർഷത്തിൽ 3 മാസത്തിൽ ഒരിക്കൽ | SRG,ക്ലാസ് ടീച്ചർ | |

| | | | | |
|---|---|---|---|---|
| തിരിച്ചറിയാനും മുന്നോട്ടെത്തിക്കുന്നതിൽ സഹകരണം ഉറപ്പുവരുത്തലു ം | പഠനനേട്ടം തുടങ്ങിയവയുടെ അവതരണം CPTA യിൽ. | | | |

| | | | | |
|---|---|---|---|---|
| | | | | |
| | | | | |
| | | | | |

## ഉപസംഹാരം

സി.എം .എസ്.ഹൈസ്കൂൾ,മേച്ചാൽ സ്കൂളിന്റെ ഈ അക്കാദമിക മാസ്റ്റർ പ്ലാൻ സ്കൂളിന്റെ പ്രവർത്തനങ്ങളുമായ് ബന്ധപ്പെട്ട് കൃത്യമായ ദിശാബോധത്തോടെ തയാറാക്കിയതാണ് അക്കാദമികമായി ഉന്നത നിലവാരം പുലർത്തുക വിദ്യാർഥികളിൽ ആധികാരികമായ അറിവ്,സാമൂഹിക ബോധം,മൂല്യബോധം, എന്നിവ വളർത്തുക എന്നതാണ് പ്രധാന ഉദ്ദേശം.അധ്യാപകരുടെ മികവിനെയും അധ്യയനപരിസ്ഥിതിയുടെ ഗുണനിലവാരത്തെയും മെച്ചപ്പെടുത്തുന്നതിനുള്ള തന്ത്രപരമായ ഇടപെടലും ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്

പഠനത്തിന്റെ എല്ലാ ഘട്ടങ്ങളിലും ഉള്പെടുത്താലും സമവായവും പ്രോത്സാഹിപ്പിക്കുന്ന

ഒരു അന്തരീക്ഷം സൃഷ്ടിക്കുകയാണ് ലക്ഷ്യം . കാര്യക്ഷമമായ നടത്തിപ്പും നിരന്തരമായ വിലയിരുത്തലും വഴി ഈ അക്കാദമിക് പ്ലാൻ സ്കൂളിന്റെ വളർച്ചയ്ക്കും വിദ്യാർത്ഥികളുടെ ഭാവി ജീവിതത്തിനും ശക്തമായ അടിത്തറയാവും.